# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5709 03.11.2016-ൽ മറുപടി നൽകേണ്ടിയിരുന്നത്

## ഇരിണാവ് ക്ഷേത്ര നവീകരണത്തിന് സൗജന്യമായി തടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അൻവർ സാദത്ത് : | | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി) | |
| എ) | ശ്രീ.ഇ.പി.ജയരാജൻ വ്യവസായ വകുപ്പ് മന്ത്രിയായിരിക്കെ ഇരിണാവ് ക്ഷേത്ര നവീകരണത്തിന് സൗജന്യമായി തടി ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ഉണ്ട്. കത്ത് അനുബന്ധമായി ചേർക്കുന്നു. |
| ബി) | പ്രസ്തുത കത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) | സൗജന്യ നിരക്കിൽ തടി നൽകുന്നതിന് നിലവിൽ ഉത്തരവുകൾ ഇല്ല. ആയതിനാൽ പ്രസ്തുത അപേക്ഷയിൽ മറ്റ് നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. |
| സി) | ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങൾക്ക് സൗജന്യമായോ സൗജന്യ നിരക്കിലോ തടി ലഭ്യമാക്കുന്നതിന് വനം വകുപ്പിൽ എന്തെങ്കിലും ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | (സി) | ഇക്കാര്യത്തിൽ ഉത്തരവുകളൊന്നും നിലവിലില്ല. |

സെക്ഷൻ ഓഫീസർ

ഇ. പി. ജയരാജൻ
വ്യവസായ, വാണിജ്യ, കായിക,
യുവജനക്ഷേമ വകുപ്പുമന്ത്രി
കേരള സർക്കാർ

തിരുവനന്തപുരം

No. 275 /M (Ind & Sports)/2016 27.09.2016

പ്രിയപ്പെട്ട ശ്രീ. കെ.രാജു,

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി വില്ലേജിൽ സ്ഥിതി ചെയ്യുന്ന അതിപുരാതനമായ ഒരു ദേവീ ക്ഷേത്രമാണ് ഇരിണാവ് ശ്രീ. ചുഴലി ഭഗവതി ക്ഷേത്രം. കാലപ്പഴക്കത്താൽ ക്ഷേത്രവും അനുബന്ധകെട്ടിടങ്ങളും മറ്റും അതീവ ജീർണ്ണാവസ്ഥയിലാണുള്ളത്. ക്ഷേത്രത്തിന്റെ ഇന്നത്തെ നാശോൻമുഖമായ അവസ്ഥയിൽ പുനരുദ്ധാരണ പ്രവർത്തികൾ നടത്തി പൂർവ്വസ്ഥിതിയിലാക്കുന്നതിന് ഉദ്ദേശം ഒരു കോടി രൂപയോളം ചെലവു പ്രതീക്ഷിക്കുന്നു. ഇതിന്റെ ഭാഗമായി ശ്രീകോവിലിന്റെ പുനരുദ്ധാരണ പ്രവർത്തികൾ നടന്നുവരികയാണ്. ക്ഷേത്രത്തോടനുബന്ധിച്ച് ചുറ്റമ്പലം, അഗ്രശാല, കൊട്ടാരം എന്നിവയുടെ മേൽക്കൂരയുടെ പ്രവർത്തികൾക്ക് 1200 ക്യൂബിക് മീറ്റർ മരം ആവശ്യമാണ്. ഇത്രയും മരം ഈ പ്രദേശത്ത് നിന്നും സംഭരിക്കുക എന്നത് 'D' ഗ്രേഡ് വരുമാനം മാത്രമുള്ള ഈ ക്ഷേത്രത്തിന് വലിയ ബാധ്യതയാണ്. ഇതിനുള്ള ഭാരിച്ച സാമ്പത്തിക ബാധ്യത ഏറ്റെടുക്കാൻ പ്രയാസമായതിനാൽ ഇതിനാവശ്യമായ മരം വനംവകുപ്പിൽ നിന്നും സൗജന്യമായി അനുവദിച്ചു നൽകണമെന്ന് താൽപ്പര്യപ്പെടുന്നു.

ഇ. പി. ജയരാജൻ

ശ്രീ. കെ.രാജു
ബഹു. വനവും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി

പകർപ്പ്:

ഡോ: ബി.എസ്. കോറി
പി.സി.സി.എഫ്. & ഹെഡ് ഫോറസ്റ്റ് ഫോഴ്സ്

K. RAJU
Minister for Forest, Animal Husbandry and Dairy Development

ഓഫീസ് : റൂം നമ്പർ 149, മൂന്നാം നില, നോർത്ത് ബ്ലോക്ക്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695 001
ഫോൺ-ഓഫീസ് : 0471-2332700, 2333059 ഫാക്സ് : 0471-2323732
വസതി : 0471-2334144, 2334133 ഇ-മെയിൽ : min.ind@kerala.gov.in